പ്രവേശിച്ച് 179 ദിവസം പൂർത്തീകരിച്ച മറ്റ് 24-3-2014-നും 25-3-2014-നും സേവനത്തിൽ നിന്നും വിടുതൽ നേടി പോയിട്ടുള്ളതുമാണ്.

(സി) ബഹു. കേരള ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുന്നത് കാരണം പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് പകരം പുതുതായി ജീവനക്കാരെ നിയമിച്ചിട്ടില്ല. ആശുപത്രി പ്രവർത്തനം തടസ്സപ്പെടാതിരിക്കാനായി, സർക്കാർ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പുതുതായി ജീവനക്കാരെ നിയമിക്കപ്പെടുന്നതുവരെ, പിരിച്ചു വിടപ്പെട്ട ജീവനക്കാരെ കാഷ്വൽ ജീവനക്കാരായി മാത്രം നിലനിർത്തിയിരിക്കുകയാണ്. എല്ലാ വിഭാഗം ജീവനക്കാരെയും കരാർ പ്രകാരം കാഷ്വൽ ജീവനക്കാർ എന്ന നിലയ്ക്കും താൽക്കാലിക ദിവസ വേതനക്കാരായും മാത്രമാണ് പരിഗണിച്ചു വരുന്നത്. മുൻകാലങ്ങളിൽ ജോലി ചെയ്ത് വന്നിരുന്ന 42 പേർക്കും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമിതരായ 12 പേർക്കും തുല്യപരിഗണനയാണ് നൽകിവരുന്നത്. ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തവർക്കും എല്ലാ താൽക്കാലിക ജീവനക്കാർക്കും അല്ലാത്തവരുമായ വികസന സമിതിയുടെ കീഴിലുള്ള ജീവനക്കാർക്കും അവരുടെ ആവശ്യപ്രകാരം ദിവസ വേതന നിരക്കിൽ പ്രതിമാസമാണ് വേതനം നൽകി വരുന്നത്. ജീവനക്കാർ ബഹു. ഹൈക്കോടതിയിൽ പോയതിന്റെ പേരിൽ പീഡിപ്പിക്കുന്നതായതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

പ്രതിമാസ വരുമാനം 500 രൂപവരെയുള്ള രോഗികൾക്ക് സൗജന്യ ചികിത്സ

106 (2657) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിമാസ വരുമാനം 500 രൂപ വരെയുള്ള രോഗികൾക്ക് മാത്രം സൗജന്യ ചികിത്സ അനുവദിക്കാൻ പാടുള്ളുവെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) വ്യക്തികളുടെ വരുമാനം (കുടുംബവരുമാനം അല്ലാതെ) കണക്കാക്കാൻ നിലവിൽ സംവിധാനം ഉണ്ടോ ; ഉണ്ടെങ്കിൽ ആയതിനെ സംബന്ധിച്ചും വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സൗജന്യ ചികിത്സക്ക് പ്രതിമാസ വരുമാനം 500 രൂപയായി നിജപ്പെടുത്തുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്താണ് ; ഇതിന്റെ പ്രയോജനം എത്ര

LIBRARY ARCHIVES Kerala Legislative Assembly

പേർക്ക് ലഭിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ 500 രൂപവരെ മാസവരുമാനമുള്ള എല്ലാ രോഗികൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) വ്യക്തികളുടെ കുടുംബവരുമാനം റേഷൻകാർഡിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നു. സർക്കാർ ജീവനക്കാർക്ക് ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നു.

(സി) സൗജന്യ ചികിത്സയ്ക്ക് റേഷൻ കാർഡിൽ വരുമാനം 500 രൂപയിൽ താഴെയോ ബി.പി.എൽ. എന്ന് രേഖപ്പെടുത്തുകയോ ചെയ്യുകയാണെങ്കിൽ ആ രോഗിക്ക് സൗജന്യമായി ചികിത്സ ലഭിക്കുന്നതാണ്. ഏകദേശം 450 ഓളം രോഗികളെ കിടത്തി ചികിത്സിക്കുന്നതിൽ 90% പേർക്കും സൗജന്യ ചികിത്സ ലഭിക്കുന്നു.

ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ Geriatric Clinic

107 (2658) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ 60 വയസ്സിനു മുകളിൽ പ്രായമുള്ള രോഗികളെ ചികിത്സിക്കുന്നതിനായി Geriatric Clinic പ്രവർത്തിക്കുന്നുണ്ടോ; എന്നാണ് ഇത് ഉദ്ഘാടനം ചെയ്തത് ; യാതൊരു പ്രചരണവും നൽകാതെയും സ്ഥലം എം.എൽ.എ.-യെ പോലും അറിയിക്കാതെയുമാണ് ഇതിന്റെ ഉദ്ഘാടനം നടത്തിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചേർത്തല താലൂക്ക് ആശുപത്രിയിൽ Geriatric Clinic ഏതെല്ലാം ദിവസങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും ഏതു സമയത്താണെന്നും വ്യക്തമാക്കുമോ ; ഇതിനായി പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുള്ള ഡോക്ടർ ആരാണെന്നു പറയാമോ ; Geriatric Clinic-ലേക്കാവശ്യമായ ഏതെല്ലാം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly